# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പൂർത്തിയാക്കാനുള്ള വൻകിട ശുദ്ധജലപദ്ധതികൾ</u>

2668 ശ്രീ.എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂർത്തിയാക്കാനുള്ള വൻകിട ശുദ്ധജലപദ്ധതികൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവ എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കുമോ;

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>വിവിധ ജില്ലകളിൽ ഇറിഗേഷൻ പ്രവർത്തികൾക്കായി അനുവദിച്ച തുക</u>

2669 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ വിവിധ ജില്ലകളിൽ ഇറിഗേഷൻ പ്രവർത്തികൾക്കായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ജലവിഭവ വകുപ്പിൽ നിന്നും അനുവദിച്ച തുക

2670 ശ്രീ. ആർ.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ നിന്നും ആലപ്പുഴ ജില്ലയ്ക്ക് 2012-13, 2013-14 സാമ്പത്തിക വർഷം അനുവദിച്ച തുക എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ 2012-13, 2013-14 വർഷങ്ങളിൽ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ട് എത്ര; വിശദാംശങ്ങൾ നല്കുമോ; ഫണ്ട് അനുവദിച്ചിട്ടില്ല എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷനിൽ നിന്നും 2012-2013, 2013-14 വർഷങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി ലഭ്യമായിട്ടുണ്ടോ; ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

നബാര്‍ഡിന്റെ ധനസഹായം ലഭിക്കുന്ന പ്രവൃത്തികള്‍

2671 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 വര്‍ഷത്തില്‍ സംസ്ഥാനത്ത് ജലവിഭവവകുപ്പിനുകീഴിലെ എത്ര പ്രവൃത്തികള്‍ക്കു നബാര്‍ഡില്‍നിന്ന് ധനസഹായം ലഭിച്ചു; ഓരോ പ്രവൃത്തിയുടെയും പേരും, ലഭിച്ച നബാര്‍ഡ് ധനസഹായവും എത്ര;

(ബി) 2013-14-ല്‍ ജലവിഭവവകുപ്പിനുകീഴിലെ എത്ര പ്രവൃത്തികള്‍ നബാര്‍ഡ് ധനസഹായത്തിനു ശുപാര്‍ശ ചെയ്തു; ഏതെല്ലാം ജില്ലകളിലെ, ഏതെല്ലാം പ്രവൃത്തികള്‍; വിശദമാക്കുമോ;

(സി) ധനസഹായത്തിനുള്ള പ്രൊപ്പോസലുകള്‍ എന്നാണ് നബാര്‍ഡിലേയ്ക്ക് അയച്ചത്;

(ഡി) നബാര്‍ഡിന്റെ അംഗീകാരം ലഭിച്ചതായി അറിയിപ്പു ലഭിച്ചുവോ;

(ഇ) എങ്കില്‍, ഏതെല്ലാം പദ്ധതികള്‍ക്കു ധനസഹായം ലഭിച്ചുവെന്നും, ഓരോ പദ്ധതിക്കും എത്ര ധനസഹായം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(എഫ്) ധനസഹായത്തിനുള്ള പ്രൊപ്പോസലുകള്‍ നബാര്‍ഡിലേയ്ക്ക് അയച്ചിട്ടില്ലെങ്കില്‍, നബാര്‍ഡിന്റെ ധനസഹായത്തിന് അയയ്ക്കുവാന്‍ പരിഗണിക്കുന്ന കണ്ണൂര്‍ ജില്ലയിലെ പദ്ധതികള്‍ ഏതെല്ലാമെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

കാസര്‍ഗോഡ് ജില്ലയിലെ നബാര്‍ഡിന്റെ പദ്ധതികള്‍

2672 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ നബാര്‍ഡിന്റെ ആര്‍.ഐ.ഡി.എഫ്-XVIII ല്‍ ഉള്‍പ്പെടുത്തി സാമ്പത്തികാനുമതി ലഭിച്ച ചെങ്കള, മുളിയാര്‍, മധൂര്‍, മൊഗ്രാല്‍ പുത്തൂര്‍ പഞ്ചായത്തുകളില്‍ കുടിവെള്ളം എത്തിക്കുന്നതിനുള്ള RDWSS പദ്ധതിക്ക് എന്ത് തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(സി) ഈ പ്രവൃത്തി നടപ്പിലാക്കുന്നത് ജില്ലയില്‍ ആരുടെ ചുമതലയിലാണെന്ന് വിശദമാക്കാമോ;

(ഡി) മേല്‍ പ്രവൃത്തി ജില്ലയിലെ വാട്ടര്‍ അതോറിറ്റിയുടെ ബന്ധപ്പെട്ടവരെ ഏല്‍പ്പിക്കുന്ന വിഷയം പരിഗണിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ</u>

2673 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് 2013 മാർച്ചിന് ശേഷം ഇതുവരെ ഏതെല്ലാം പ്രവൃത്തികൾക്ക് ജലവിഭവ വകുപ്പ് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിന്മേലുള്ള തുടർനടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) പട്ടികജാതി - പിന്നോക്കവിഭാഗത്തിൽപെട്ട കർഷകർ കൂടുതലായി താമസിക്കുന്നതിനാൽ കൂടുതൽ പ്രവൃത്തികൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കുറ്റ്യാടി ജലസേചന പദ്ധതിയുടെ അറ്റകുറ്റപണി</u>

2674 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നല്‍കുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാല്‍ ശൃംഖലയുടെ അവസ്ഥ ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ;

(ബി) 2013-ലെ വരള്‍ച്ചാദുരിതാശ്വാസ അവലോകനയോഗത്തില്‍ മുഖ്യമന്ത്രിയുടെ നിര്‍ദ്ദേശപ്രകാരം കനാലുകളുടെ അറ്റകുറ്റപണികളുടെ ലിസ്റ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥര്‍ നല്‍കിയിരുന്നോയെന്നും ഇതിന് എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് നല്‍കിയതെന്നും വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തില്‍ സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) കനാലിന്റെ അറ്റകുറ്റപണികള്‍ അടിയന്തിരമായി പൂര്‍ത്തീകരിക്കാന്‍ എന്ത് നടപടി സ്വീകരിക്കുമെന്നും എപ്പോള്‍ പണി പൂര്‍ത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പടന്ന എടച്ചാക്കൈ അണക്കെട്ട് പുനരുദ്ധരിക്കുന്നതിനുള്ള തടസ്സം</u>

2675 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ പടന്ന എടച്ചാക്കൈ അണക്കെട്ട് പുനരുദ്ധരിക്കുന്നതിന് നിരവധി തവണ ടെണ്ടർ നടപടികൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാതെ തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പാടിയപുഴക്ക് കുറുകെയുള്ള ക്രോസ്സ് ബാർ കം ബ്രിഡ്ജ് നിർമ്മാണം</u>

2676 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പഞ്ചായത്തിനെ പയ്യന്നൂർ മുൻസിപ്പാലിറ്റിയുമായി ബന്ധിപ്പിച്ച് നിർമ്മിക്കുന്ന പാടിയപുഴക്ക് കുറുകെയുള്ള ക്രോസ് ബാർ കം ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പെരുമ്പുഴക്കടവ് പാലം</u>

2677 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലുള്ള പെരുമ്പുഴക്കടവ് പാലം നിർമ്മാണം പൂർത്തിയാക്കുന്നതിന് മുമ്പ് തകർന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പാലം പുനർനിർമ്മിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഭൂഗർഭജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതി

2678 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ജലനിധി രണ്ടാംഘട്ട പദ്ധതി</u>

2679 ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ജിക്കാ പദ്ധതികൾ

2680 ശ്രീ. പി.സി. വിഷ്ണുനാഥ്
,, എ.റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജിക്കാ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതനുസരിച്ച് ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം പദ്ധതികളാണ് കമ്മീഷൻ ചെയ്തത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇനി ഏതെല്ലാം പദ്ധതികൾ കമ്മീഷൻ ചെയ്യാനുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ലോട്ടസ് & ലില്ലി പദ്ധതി പ്രകാരം സംസ്ഥാനത്തെ ജലാശയങ്ങളുടെ സംരക്ഷണം

2681 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ആവിഷ്കരിച്ച ലോട്ടസ് & ലില്ലി പദ്ധതി പ്രകാരം സംസ്ഥാനത്തെ ജലാശയങ്ങൾ സംരക്ഷിക്കുവാൻ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിച്ച ചിറ, കുളം മുതലായവയുടെ ജില്ല തിരിച്ചുള്ള വിവരം ചെലവായ തുക സഹിതം അറിയിക്കുമോ;

(സി) ഏറ്റെടുത്ത ജലാശയങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) പുതിയ ഏതെല്ലാം ജലാശയങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി</u>

2682 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം എത്ര കുളങ്ങളും ചിറകളും ഇതിനകം പുനരുദ്ധരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദവിവരം അനുവദിച്ച തുക സഹിതം ജില്ല തിരിച്ച് അറിയിക്കുമോ;

(സി) മുഴുവൻ പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) എല്ലാ പഞ്ചായത്തുകളിലും ചിറകൾ നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>ഓരോ പഞ്ചായത്തിലും ഓരോ കുളം നവീകരിക്കുവാൻ നടപടി</u>

2683

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ പഞ്ചായത്തിലും ഓരോ കുളം നവീകരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയിൽ ധർമ്മടം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നവീകരണത്തിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ കുളങ്ങളുടെ നവീകരണം</u>

2684 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-ലെ വരൾച്ചാ പ്രതിരോധ നടപടിയുടെ ഭാഗമായി എത്ര കുളങ്ങൾ നവീകരിക്കുന്നതിനായി പാലക്കാട് ജില്ലയിൽ ഭരണാനുമതി നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര എണ്ണം നവീകരണം പൂർത്തീകരിച്ചിട്ടുണ്ട്;

(സി) ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട എത്ര കുളങ്ങൾ നവീകരിക്കുവാനാണ് ഭരണാനുമതി ലഭിച്ചത്;

(ഡി) ഇതിൽ എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>ജല സംരക്ഷണത്തിന് നടപടികൾ</u>

2685 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു കുരുവിള
,, സി. എഫ് തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജല സംരക്ഷണത്തിനും ശുദ്ധജല വിതരണത്തിനും ഈ സർക്കാർ സ്വീകരിച്ച് നടപ്പിലാക്കി വരുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) ജലസംരക്ഷണത്തിന് പഞ്ചായത്തുകൾ തോറും കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

''ആലിൻചുവട്'' കുളിക്കടവ് പുനർനിർമ്മാണം

2686 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ - ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് അഞ്ചാം വാർഡിൽ പുതിപ്പാടി ത്താഴെ ''ആലിൻചുവട്'' കുളിക്കടവ് പുനർനിർമ്മാണ ത്തിന് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തെങ്കിലും നട പടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കുളിക്കടവ് പുനർനിർമ്മാണ ത്തിന് നിർദ്ദേശിക്കാമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>പൂവക്കാട്ടുചിറ കുളത്തിന്റെ പുനരുദ്ധാരണം</u>

2687 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പൂവക്കാട്ടുചിറ കുളത്തിന്റെ പുനരുദ്ധാരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>വടക്കാംഞ്ചേരി പുഴയിൽ പാറന്നൂർ ചിറ നിർമ്മാണത്തിന് നടപടി</u>

2688 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ വടക്കാംഞ്ചേരി പുഴയിൽ 'പാറന്നൂർ ചിറ' നിർമ്മാണത്തിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് മണലൂർ എം. എൽ. എ 19/02/2013- ൽ മന്ത്രിക്ക് നിവേദനം നൽകിയിരുന്നോ;

(ബി) നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീക രിച്ചുവെന്ന് അറിയിക്കാമോ;

(സി) മണലൂർ നിയോജകമണ്ഡലത്തിലെ നാല് പഞ്ചായത്തുക ളിൽ മുഴുവനായി ശുദ്ധജലവിതരണം നടത്തുന്നതിനാ വശ്യമായ കുടിവെള്ളം ലഭിക്കുന്ന പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരി ക്കുമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കടലുണ്ടി പുഴയിൽ ആനപ്പാറ പൊറ്റമ്മൽ കടവിൽ സ്ഥിരം തടയണ</u>

2689 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൂട്ടിലങ്ങാടി പഞ്ചായത്തിൽ കടലുണ്ടി പുഴയിൽ ആനപ്പാറ പൊറ്റമ്മൽ കടവിൽ സ്ഥിരം തടയണ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>എടവണ്ണ പന്നിപ്പാറയിൽ റെഗുലേറ്റർ നിർമ്മാണം</u>

2690 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണയിൽ ചാലിയാറിന് കുറുകെ പന്നിപ്പാറയിൽ ഒരു റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>ചങ്ങൂണാം കുന്നിൽ റഗുലേറ്റർ നിർമ്മാണം</u>

2691 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി ഓങ്ങല്ലൂരിൽ ഭാരതപ്പുഴക്ക് കുറുകെ ചങ്ങൂണാം കുന്നിൽ റഗുലേറ്റർ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ, എസ്റ്റിമേറ്റ് തയ്യാറാക്കി, ടെണ്ടർ നടപടികൾ എന്ന് തുടങ്ങാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് നബാർഡ് ധനസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>കടലാക്രമണ പ്രതിരോധ പദ്ധതി</u>

2692 ശ്രീ. ജോസഫ് വാഴക്കൻ
'' റ്റി. എൻ. പ്രതാപൻ
'' കെ. ശിവദാസൻ നായർ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ പ്രതിരോധത്തിനായി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം എന്നറിയിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>വേങ്ങേരി മുതൽ മൊകവൂർ വരെയുള്ള കനാൽ പുനർനിർമ്മാണം</u>

2693 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷനിൽ മാവിളിക്കടവിലൂടെ കടന്നുപോകുന്ന കനാലിന്റെ വേങ്ങേരി മുതൽ മൊകവൂർ വരെ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഭാഗത്തെ കനാൽ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പുതുക്കാട് മണ്ഡലത്തിലെ പീള്ളത്തോട് ചെക്ക് ഡാം പണി</u>

2694 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ പീള്ളത്തോട് ചെക്ക് ഡാം പണി പൂർത്തിയാക്കാൻ കഴിയാതെ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പ്രസ്തുത ചെക്ക് ഡാം പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിൽ ജലസേചനവകുപ്പു മുഖേന നടപ്പിലാക്കേണ്ട പദ്ധതികൾ</u>

2695 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ജലസേചനവകുപ്പു മുഖേന നടപ്പിലാക്കേണ്ട പദ്ധതികൾക്ക് എത്ര തുകയാണു നീക്കിവെച്ചത്;

(ബി) ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെന്നും, ഓരോ പദ്ധതിക്കും നീക്കിവെച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ ഓരോ പദ്ധതിയും ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും, ഓരോ പദ്ധതിക്കും ഇതിനോടകം എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ്;

(ഇ) പാക്കേജിന്റെ കാലാവധി അവസാനിച്ചാലും പൂർത്തീകരിക്കപ്പെട്ട പദ്ധതികളുടെ പ്രവർത്തനത്തിനു ഫണ്ട് ലഭ്യമാക്കുന്നത് എങ്ങനെയെന്നുവിശദീകരിക്കുമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട മണ്ണു - ജല സംരക്ഷണ പ്രവർത്തനങ്ങൾ

2696 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പരിസ്ഥിതി പുനരുജ്ജീവനത്തിനുള്ള മണ്ണു - ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുമെന്നു കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് കുട്ടനാട്, അപ്പർ കുട്ടനാട്, ഓണാട്ടുകര പ്രദേശങ്ങളിലെ കുളങ്ങൾ, കിണറുകൾ എന്നിവയുടെ നവീകരണവും, മഴവെള്ള സംഭരണികളുടെ നിർമ്മാണവും നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം സ്ഥലത്ത് എത്രവീതം ഏതു പ്രവൃത്തിയെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ</u>

2697 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കേരള ജല അതോറിറ്റി ഏതൊക്കെ പ്രവൃത്തികളാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ:

(ബി) ഇവയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാം; തുക എത്ര; ഏതൊക്കെ പഞ്ചായത്തുകളിൽ; വിശദമായി വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിലെ വരൾച്ച നേരിടാനുള്ള പദ്ധതികൾ

T.2698 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി 2013 മാർച്ച് മാസം വരൾച്ച അവലോകനം ചെയ്യുന്നതിനായി പാലക്കാട് വിളിച്ചുചേർത്ത എം. എൽ.എ മാരുടെയും ജനപ്രതിനിധികളുടെയും യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു;

(ബി) മുഖ്യമന്ത്രി എന്തെല്ലാം സ്പെഷ്യൽ പാക്കേജുകളാണ് പ്രഖ്യാപിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(സി) പാലക്കാട് ജില്ലയിലെ കുളങ്ങൾ വൃത്തിയാക്കി നവീകരിക്കുന്നതിനായി തീരുമാനം എടുത്തിരുന്നോ; ഉണ്ടെങ്കിൽ എത്ര കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകി; വിശദമാക്കുമോ;

(ഡി) ഭരണാനുമതി നൽകിയ എത്ര കുളങ്ങൾക്ക് ടെക്നിക്കൽ സാംഗ്ഷൻ നൽകിയിട്ടുണ്ട്;

(ഇ) പ്രസ്തുത സ്കീമിനായി എന്തു തുക അനുവദിച്ചു;

(എഫ്) അതിൽ എത്ര ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

2013-14 ലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

2699 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013-2014 സാമ്പത്തിക വർഷത്തിൽ പുതിയ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ തുക ഉപയോഗിച്ച് സംസ്ഥാനത്ത് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; ഇതിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ചേലക്കര നിയോജക മണ്ഡലത്തിൽ മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ</u>

2700 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയത് എന്നാണെന്ന് ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(സി) ഇവയിൽ ഏതെല്ലാം പദ്ധതിളുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചുവെന്നും; ഏതെങ്കിലും പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങളും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ എന്ന് നിർമ്മാണം ആരംഭിക്കുമെന്നും എല്ലാ പദ്ധതികളും എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നും അറിയിക്കുമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ഡാമുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന</u>

2701 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള
,, കെ.എം. ഷാജി
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡാമുകളുടെയെല്ലാം സുരക്ഷ സംബന്ധിച്ച പരിശോധന കാലാകാലങ്ങളിൽ നടത്താറുണ്ടോ; ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിനായി നിയോഗിക്കുന്ന വിദഗ്ദ്ധസമിതിയുടെ ഘടന എപ്രകാരമാണ്; വിശദമാക്കുമോ;

(സി) പരിശോധനയിൽ നവീകരണമോ ഡീ കമ്മീഷനിംഗോ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>അണക്കെട്ട് പ്രദേശത്തുള്ള പട്ടികവർഗ്ഗക്കാർക്ക് ഡാമിലെ മത്സ്യബന്ധനാവകാശം</u>

T.2702 ശ്രീ. ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അണക്കെട്ട് പ്രദേശത്തുള്ള പട്ടിക വർഗ്ഗക്കാർക്ക് ഉപജീവനത്തിനായി മത്സ്യബന്ധനാവകാശം ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) പട്ടിക വർഗ്ഗക്കാർക്ക്, അണക്കെട്ടുകളിൽ മത്സ്യം നിക്ഷേപിക്കുന്നതിനും മത്സ്യബന്ധനത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഏതൊക്കെ വകുപ്പുകളുമായിട്ടാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പഴശ്ശി ജലസേചന പദ്ധതി ഓഫീസുകൾ / ജീവനക്കാർ</u>

2703 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴശ്ശി ജലസേചന പദ്ധതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇപ്പോൾ ഏതെല്ലാം ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഓരോ ഓഫീസിലും നിലവിലുള്ള തസ്തികകൾ ഏതെല്ലാമെന്നും ജീവനക്കാർ എത്രയെന്നും വ്യക്തമാക്കുമോ;

(സി) കുട്ടനാട് പാക്കേജിന്റെ നടത്തിപ്പിലേയ്ക്ക് പഴശ്ശി ജലസേചന പദ്ധതിയുടെ ഏതെങ്കിലും തസ്തികയോ ജീവനക്കാരെയോ പുനർവിന്യസിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരം തസ്തികകൾ കുട്ടനാട് പാക്കേജിലേക്ക് വിന്യസിച്ചത് കണ്ണൂർ ജില്ലയിലെ ജലസേചന വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഇപ്രകാരം കുട്ടനാട് പാക്കേജിലേയ്ക്ക് വിന്യസിച്ച തസ്തികകളും ജീവനക്കാരെയും അടിയന്തിരമായി കണ്ണൂർ ജില്ലയിലേയ്ക്ക് തന്നെ പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നടത്തിപ്പ്

2704 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ മേൽനോട്ടത്തിന് വേണ്ടത്ര ഉദ്യോഗസ്ഥർ ഇല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നടത്തിപ്പിന് ഇപ്പോഴുളള ഇലക്ട്രിക്കൽ വിഭാഗം ഉദ്യോഗസ്ഥരുടെയും അനുവദിച്ചിട്ടുളള തസ്തികകളുടേയും വിശദ വിവരം അറിയിക്കുമോ;

(സി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സെബാസ്റ്റ്യന്റെ ആക്സിഡന്റ് ഇൻഷുറൻസ് ക്ലെയിം</u>

2705 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ജലസേചന വകുപ്പിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ പ്യൂണായി ജോലി ചെയ്തിരുന്ന സെബാസ്റ്റ്യൻ സർവ്വീസിലിരിക്കെ അപകടത്തിൽ മരണമടയുകയും സർക്കാർ ജീവനക്കാർക്കുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പ്രകാരമുള്ള നഷ്ടപരിഹാര തുക ലഭിക്കുന്നതിന് ചുമതലപ്പെട്ടവർക്ക് സെബാസ്റ്റ്യന്റെ ആശ്രിതയും അവകാശിയുമായ ഭാര്യ അപേക്ഷ നൽകുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തുകാരണംകൊണ്ടാണ് ഇവർക്ക് ഇൻഷുറൻസ് തുക ലഭിക്കാത്തതെന്ന് അറിയിക്കുമോ;

(സി) സെബാസ്റ്റ്യനിൽനിന്നും പ്രീമിയം തുക ശമ്പളത്തിൽനിന്നുതന്നെ കുറവ് ചെയ്ത് ട്രഷറിയിൽ അടച്ചിരുന്നിട്ടും പ്രീമിയം തുക കിട്ടിയില്ലെന്ന ഇൻഷുറൻസ് കമ്പനിയുടെ വാദം പരിശോധിച്ച് സർക്കാരിന്റേയോ ജീവനക്കാരുടെയോ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്ന വീഴ്ചയുടെ പേരിൽ സെബാസ്റ്റ്യന്റെ കുടുംബത്തിന് നീതി നിഷേധിക്കുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; അദ്ദേഹത്തിന്റെ വിധവയ്ക്ക് ഇൻഷുറൻസ് ആനുകൂല്യം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സമാന സ്വഭാവമുള്ള ഏതെങ്കിലും കേസുകളിൽ സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മക്കരപ്പറമ്പ് പഞ്ചായത്ത് കെട്ടിട നിർമ്മാണം</u>

2706 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വടക്കാങ്ങര വില്ലേജിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും 25 സെന്റ് ഭൂമി മക്കരപറമ്പ് പഞ്ചായത്തിന് കെട്ടിടം നിർമ്മിക്കാൻ വിട്ട് കൊടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ ഇത് വരെയുള്ള പുരോഗതി വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

കാസര്‍ഗോഡ് ജില്ലയിലെ മുളിയാര്‍ പഞ്ചായത്തിലെ ആര്‍.ഐ.ഡി.എഫ് - XVIII ല്‍ ഉള്‍പ്പെടുത്തിയ പദ്ധതികള്‍

2707 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ മുളിയാര്‍ പഞ്ചായത്തില്‍ ആര്‍.ഐ.ഡി.എഫ് - XVIII ല്‍ ഉള്‍പ്പെടുത്തി നബാര്‍ഡിന്റെ അനുമതി ലഭിച്ച പദ്ധതിക്കും പേരട്ടില്ല കൊളത്തിങ്കല്‍ പദ്ധതിക്കും എന്തു തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ അറിയിക്കാമോ;

(ബി) പ്രസ്തുത തുക കൊണ്ട് എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്നും ആയവയുടെ നിര്‍മ്മാണ പുരോഗതിയുടെ സ്ഥിതി ഏതുവരെയായെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് XVII സ്കീമിൽ ഉൾപ്പെടുത്തിയ പദ്ധതികൾ</u>

2708 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡിന്റെ ആർ.ഐ.ഡി.എഫ് XVII സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികളുടെ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയും; വിശദമാക്കുമോ?

(ബി) നബാർഡിന്റെ ഫണ്ട് ലഭ്യമല്ലെങ്കിൽ മറ്റേതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിലെ കിണർ നിർമ്മാണ പദ്ധതി</u>

2709 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പുതുതായി കിണറുകൾ കുഴിക്കുവാനും നിലവിലുള്ള കിണറുകൾ പുനരുദ്ധരിക്കുവാനും അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപേക്ഷകർക്ക് സാമ്പത്തിക സഹായം എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ജല അതോറിറ്റിയുടെ പദ്ധതി നിർവ്വഹണം

2710

ശ്രീ. സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, എം. എ. വാഹീദ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പദ്ധതികളുടെ വിതരണശേഷി വർദ്ധിപ്പിക്കുവാനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി കാര്യക്ഷമമായി മോണിറ്റർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്</u>

2711 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് നടപ്പാക്കാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ ;

(ബി) ആർ.പി. നടപ്പാക്കുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ഉത്തരവ് നമ്പരും, തുകയും എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ടെണ്ടർ നോട്ടീസിൽ പ്രാഥമികമായി കണക്കാക്കിയിരിക്കുന്ന ചെലവ് വ്യക്തമാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള പ്രീക്വാളിഫിക്കേഷൻ വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ഇ) ഈ വ്യവസ്ഥകൾ സ്വീകരിച്ചത് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ ; ആണെങ്കിൽ ഏത് ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ ; അല്ലെങ്കിൽ ഈ വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റി ഓഫീസുകളിലെ നെറ്റ്‌വർക്ക് സംവിധാനം

2712 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഓഫീസുകളിലും ഓഫീസുകൾ തമ്മിലും നെറ്റ്‌വർക്ക് നടപ്പാക്കിയ പ്രോജക്ടിന്റെ കരാർ തുക എത്രയാണ്; പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതിനായി എന്തു തുകയാണ് ചെലവഴിച്ചത്; വ്യക്തമാക്കുമോ;

(ബി) നെറ്റ്‌വർക്കിലെ തകരാറുകാരണം പല ഓഫീസുകളിലും റവന്യൂ കളക്ഷൻ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നെറ്റ്‌വർക്ക് തകരാറുകൾ അതാത് ഓഫീസിൽ തന്നെ കണ്ടുപിടിക്കാൻ സംവിധാനം ഉണ്ടോ;

(സി) നാളിതുവരെ എത്ര നെറ്റ്‌വർക്ക് കരാറുകൾ ഉണ്ടാക്കിയിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട പ്രോജക്ട് നടപ്പാക്കിയ കമ്പനിക്കോ ബി.എസ്.എൻ.എൽ.നോ എതിരെ കരാർ വ്യവസ്ഥകൾ അനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിലെ ഇ-ഗവേണൻസ് സംവിധാനം</u>

2713 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഇ-ഗവേണൻസിന്റെ ഭാഗമായി ഇതുവരെ ഏതെല്ലാം സോഫ്റ്റ്വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്; ഇവയിൽ ഏതെല്ലാം ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്;

(ബി) ഫിനാൻഷ്യൻ അക്കൗണ്ടിംഗ് സിസ്റ്റം, എംപ്ലോയീസ് ഇൻഫർമേഷൻ സിസ്റ്റം, പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം എന്നിവ ദൈനംദിന പ്രവർത്തനങ്ങളിൽ ഉപയോഗിക്കാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇവയോരോന്നും പൂർത്തിയാക്കാൻ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) അബാക്കസ് എല്ലാ ഓഫീസിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന് സമയപരിധി നിർണ്ണയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണം

2714 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പ്രതിദിനം എത്ര ലിറ്റർ ജലം വിതരണം ചെയ്യുന്നുണ്ട്;

(ബി) ഇതുവഴി സംസ്ഥാനത്തെ എത്ര ശതമാനം ജനങ്ങൾക്ക് വാട്ടർ അതോറിറ്റിയുടെ ശുദ്ധജലം ലഭ്യമാകുന്നുണ്ട്;

(സി) വാട്ടർ അതോറിറ്റിക്ക് ജലം ശുദ്ധീകരിച്ചു വിതരണം ചെയ്യുന്നതിന് കിലോ ലിറ്ററിന് എന്തു തുക ചെലവാകുന്നുണ്ട്;

(ഡി) ഒരു കിലോലിറ്റർ ജലത്തിന് ശരാശരി എത്ര രൂപയാണ് റവന്യൂ ആയി ലഭിക്കുന്നത്;

(ഇ) ആകെ റവന്യൂവരുമാനവും വിതരണം ചെയ്യുന്ന ജലത്തിന്റെ അളവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിവഴി വിതരണം ചെയ്യുന്ന ജലത്തിന്റെ വില</u>

2715 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വാട്ടർ അതോറിറ്റി വഴി വിതരണം ചെയ്യുന്ന ജലത്തിന്റെ വില എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) വെള്ളത്തിന്റെ വില വീണ്ടും വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ടോ; വാട്ടർ അതോറിറ്റി തയ്യാറാക്കിയ പ്രപ്പോസൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഈടാക്കുവാൻ സംവിധാനം</u>

2716 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഈടാക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(ബി) ഈ രംഗത്ത് മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

വാട്ടർ അതോറിറ്റിയിലെ നിയമനങ്ങൾ

2717 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ നിയമന നിരോധനം നിലവിലുണ്ടോ;

(ബി) എത്ര ഒഴിവുകൾ നിലവിലുണ്ട്; കാറ്റഗറി തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) എല്ലാ ഒഴിവുകളും പി. എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) ദിവസ വേതനാടിസ്ഥാനത്തിലും എംപ്ലായ്മെന്റ് എക്സ്ചെയ്ഞ്ചിലൂടെയും നിയമിതരായവർ എത്രയാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സീസണൽ ലേബർ റോളിൽ (എസ്.എൽ.ആർ.) പമ്പ് ഓപ്പറേറ്റർമാരുടെ നിയമനം</u>

2718 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ സീസണൽ ലേബർ റോളിൽ (എസ്.എൽ.ആർ.) പമ്പ് ഓപ്പറേറ്റർമാരായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർ എത്രകാലമായി ജോലിയിൽ തുടരുന്നു;

(സി) ഇവരിൽ കുറെപ്പേരെ സ്ഥിരപ്പെടുത്തിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ ഇത്തരത്തിലുള്ള നിയമനം നടത്തിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത എന്നറിയിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഓപ്പറേറ്റർ, മീറ്റർ റീഡർമാർക്ക് പ്രൊമോഷൻ

2719 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ, മീറ്റർ റീഡർ തസ്തികകളിൽ തുടർച്ചയായി എട്ട് വർഷം ജോലി ചെയ്തവർക്ക് പ്രൊമോഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം</u>

2720 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) കാസർഗോഡ് മുൻസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തുകളിലും കുടിവെള്ളം നൽകുന്നതിനായുള്ള പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി മന്ദഗതിയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ചില സാങ്കേതിക വിഷമതകൾ പരിഹരിക്കുന്നതിന് വകുപ്പ് തലത്തിൽ ഉന്നതതലയോഗം ചേർന്നിരുന്നുവോ; യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിഷമതകൾ പരിഹരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട കരാറുകാരന് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) മേൽ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാവും എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മിനറൽ വാട്ടർ വിതരണം</u>

2721

ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
,, പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മിനറൽ വാട്ടർ വിതരണം ചെയ്യുന്ന എത്ര അംഗീകൃത കമ്പനികളാണുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കമ്പനികൾ ഏതൊക്കെയാണെന്ന ജില്ല തിരിച്ച കണക്ക് ലഭ്യമാക്കാമോ;

(സി) വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഗുണനിലവാരം കുറയുന്നതിന്റെ പേരിൽ ഏതെങ്കിലും കമ്പനിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും എങ്കിൽ അവ ഏതെല്ലാമെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>അരുവിക്കരയിലെ കുപ്പിവെള്ള ബോട്ട്ലിംഗ് പ്ലാന്റ്</u>

2722

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ അരുവിക്കരയിൽ സ്ഥാപിക്കുവാൻ തീരുമാനിച്ച കുപ്പിവെള്ള ബോട്ട്ലിംഗ് പ്ലാന്റിന്റെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>അരുവിക്കരയിലെ കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള നിർമ്മാണ കമ്പനി</u>

2723 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-ൽ അരുവിക്കരയിൽ തറക്കല്ലിട്ട കെ.ഡബ്ല്യൂ.എ.യുടെ കുപ്പിവെള്ള നിർമ്മാണ കമ്പനിയുടെ നിലവിലുള്ള പുരോഗതി അറിയിക്കാമോ ;

(ബി) കേരളാ വാട്ടർ അതോറിറ്റിയെ കുപ്പിവെള്ള നിർമ്മാണ വിതരണ രംഗത്ത് നിന്നും ഒഴിവാക്കി ഈ രംഗത്ത് ബഹുരാഷ്ട്ര കമ്പനികൾക്ക് സൗകര്യം ഒരുക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നതെന്ന വിമർശനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) അരുവിക്കരയിലും കോഴിക്കോട്ടും ആലുവയിലും കുപ്പിവെള്ള നിർമ്മാണ കമ്പനികൾ ആരംഭിക്കുവാനുള്ള മുൻസർക്കാർ തീരുമാനം പുന:പരിശോധിക്കാനിടയാക്കിയ സാഹചര്യം വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മലങ്കരയിൽ കുപ്പിവെള്ള നിർമ്മാണ ഫാക്ടറി</u>

2724 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊടുപുഴയ്ക്കടുത്ത് മലങ്കരയിൽ കുപ്പിവെള്ള നിർമ്മാണ ഫാക്ടറി തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; ഏത് ഏജൻസിയാണ് ഇതിനുള്ള സാധ്യതാപഠനം നടത്തിയത്;

(ബി) പ്രസ്തുത കുപ്പിവെള്ള ഫാക്ടറിയുടെ ചുമതല ഏൽപ്പിച്ചിട്ടുള്ള കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ഈ രംഗത്തുള്ള പരിചയസമ്പത്ത് പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പരിചയ സമ്പത്ത് എന്താണെന്ന് അറിയിക്കുമോ;

(സി) ഈ രംഗത്ത് മുൻപരിചയം ഇല്ലാത്ത ഒരു കമ്പനിയെ കുപ്പിവെള്ള നിർമ്മാണ ചുമതല ഏൽപ്പിക്കാനുണ്ടായ കാരണം അറിയിക്കുമോ;

(ഡി) കേരളാ വാട്ടർ അതോറിറ്റിയെ പ്രസ്തുത ചുമതലയിൽ നിന്നും ഒഴിവാക്കാനുണ്ടായ സാഹചര്യം എന്താണ്; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ

## 27.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് പുതുശ്ശേരി പഞ്ചായത്തിലെ പെപ്സിക്കോള കമ്പനിയുടെ അമിത ജല ഉപയോഗവും ജലമലിനീകരണവും</u>

2725 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് പുതുശ്ശേരി പഞ്ചായത്തിലെ പെപ്സിക്കോള കമ്പനിയുടെ അമിത ജല ഉപയോഗവും ജലമലിനീകരണവും സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ് റിപ്പോർട്ടിലെ കണ്ടെത്തൽ; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ജലത്തിന്റെ രാസപരിശോധന റിപ്പോർട്ടുപ്രകാരം, ജനങ്ങൾ ഉപയോഗിക്കുന്ന വെള്ളം കാത്സ്യം, മഗ്നീഷ്യം, ക്ലോറൈഡ് എന്നിവ അമിത അളവിൽ കലർന്നതിനാൽ മലിനപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; കമ്പനിയിൽ നിന്നും പുറന്തള്ളുന്ന ഖരമാലിന്യങ്ങളും മലിന രാസജലവും ഇതിന് കാരണമാകുന്നു എന്ന് രാസപരിശോധന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) കമ്പനിയുടെ അമിത ജല ചൂഷണവും മലിനീകരണവും തടയാൻ ജലവിഭവ വകുപ്പ് നൽകിയ ശുപാർശകൾ എന്തെല്ലാമായിരുന്നു; ഈ ശുപാർശകൾ കമ്പനി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത പഞ്ചായത്ത് പ്രദേശത്തെ ശുദ്ധജലം കമ്പനി അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്നതിന് എന്തെങ്കിലും പ്രതിഫലം കമ്പനി പഞ്ചായത്തിന് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ കമ്പനി സ്ഥാപിതമായശേഷം എത്ര തുക നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ജി) ഇപ്പോൾ കമ്പനി പ്രതിദിനം എത്ര ലിറ്റർ വെള്ളം ഉപയോഗിക്കുന്നുണ്ട്; ഈ വെള്ളം ഉപയോഗിച്ച് പ്രതിദിനം എത്ര ടൺ ശീതള പാനീയം പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നു; വ്യക്തമാക്കുമോ;

(എച്ച്) കമ്പനി നികുതിയിനത്തിൽ എത്ര രൂപ പ്രതിവർഷം സർക്കാരിനും പഞ്ചായത്തിനും നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഐ) ഈ വിഷയത്തിൽ 12-ാം നിയമസഭയുടെ മൂന്നാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ</u>

2726 ശ്രീ. എ. കെ. ബാലൻ
,, കെ. വി. വിജയദാസ്
,, എം. ഹംസ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ ആവശ്യപ്പെട്ട വിശദീകരണങ്ങളും, അവയ്ക്കു നൽകിയ മറുപടിയും അറിയിക്കുമോ; അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ബില്ലിന് അംഗീകാരം ലഭിക്കുന്നതിനു നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>നീരേറ്റുപുറം ട്രീറ്റ്മെന്റ് പ്ലാന്റ്</u>

2727 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീരേറ്റുപുറം 14 എം.എൽ.ഡി. ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും ജി.ഐ. ക്ലിയർ വാട്ടർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) 21 എം.എൽ.ഡി. പ്ലാന്റ് നിർമ്മാണം വൈകുന്ന വേളയിൽ എച്ച്.ഡി.പി.ഇ. പൈപ്പിനുപകരം എഗ്രിമെന്റിൽ പറഞ്ഞിരുന്ന ജി.ഐ. ക്ലിയർ വാട്ടർ പൈപ്പ്ലൈൻ സ്ഥാപിച്ച് കുടിവെള്ളവിതരണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) നിരേറ്റുപുറം പ്ലാന്റിൽനിന്നും എന്നത്തേയ്ക്ക് കുടിവെള്ള വിതരണം ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ട്രയൽ റൺ കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും കുടിവെള്ള വിതരണം ആരംഭിക്കാത്ത സാഹചര്യത്തിൽ ജി.ഐ. പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള വിതരണത്തിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

അങ്കമാലി നിയോജക മണ്ഡലത്തിലെ പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

2728 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്നതും കാര്യക്ഷമമല്ലാത്തതുമായ പമ്പുസെറ്റുകൾക്കുപകരം പുതിയ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് നബാർഡിന്റെ ധനസഹായം ലഭിച്ചിട്ടുള്ളതും 08.04.2011-ൽ ജല അതോറിറ്റി ഭരണാനുമതി നൽകിയിട്ടുള്ളതുമായ അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) അവയിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്;

(സി) ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കേണ്ടതായിട്ടുള്ളത്;

(ഡി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ഇ) ഈ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്തു വകുപ്പുമായി ഏകോപിച്ച്
പ്രവര്‍ത്തിക്കുവാന്‍ നടപടി</u>

2729 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ റോഡുകള്‍ പുനര്‍നിര്‍മ്മിക്കുന്നതിന് വാട്ടര്‍ അതോറിറ്റിക്ക് എത്ര തുക ചെലവായിട്ടുണ്ട്; വിശദാംശം നല്‍കുമോ;

(ബി) ഇത്തരത്തില്‍ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകള്‍ പുനര്‍നിര്‍മ്മിക്കുമ്പോള്‍ യഥാര്‍ത്ഥത്തിലുണ്ടായിരുന്ന ഗുണനിലവാരം ഉറപ്പാക്കാന്‍ കഴിയുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കില്‍ ഇത്തരം പ്രവര്‍ത്തനങ്ങളില്‍ പൊതുമരാമത്ത് വകുപ്പുമായി ഏകോപനമുണ്ടാക്കി റോഡുകളുടെ പുനര്‍നിര്‍മ്മാണം കുറ്റമറ്റവിധം നടത്തുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കില്‍ അതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഒറ്റപ്പാലത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

2730 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരം 2012-13 വർഷത്തിൽ സംസ്ഥാനത്തിന് കേന്ദ്രം എത്ര ധനസഹായം അനുവദിച്ചു; വ്യക്തമാക്കുമോ;

(ബി) എ. ആർ. ഡബ്ല്യൂ എസ്. പി. യുടെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് തനത് വർഷം നടത്തിയത്; വിശദമാക്കുമോ;

(സി) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ എ. ആർ. ഡബ്ല്യൂ. എസ്. പി പ്രകാരം എതെല്ലാം പ്രവൃത്തികൾ ആരംഭിച്ചു; എത്ര രൂപയുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

കുട്ടനാട് പാക്കേജിലെ കുടിവെള്ള വിതരണ പദ്ധതി

2731 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് അനുവദിച്ചിരുന്ന 70 കോടി രൂപ വിനിയോഗിച്ച് എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാനുള്ളതെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ട അടിയന്തിര പ്രവൃത്തികളുടെ അവലോകനം നടത്തുന്നതിനും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചുകൂട്ടുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കണ്ണിമംഗലം - പാണ്ടുപാറ കുടിവെള്ള പദ്ധതി</u>

2732 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലാ പഞ്ചായത്ത് 30 ലക്ഷവും സംസ്ഥാന സർക്കാർ 54 ലക്ഷവും അനുവദിച്ചിട്ടുള്ളതും മലയോരപഞ്ചായത്തുകളായ മലയാറ്റൂർ, അയ്യമ്പുഴ തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചതുമായ കണ്ണിമംഗലം - പാണ്ടുപാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസം വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

പുനലൂർ നഗരസഭയിലെ പുതിയ കുടിവെള്ള പദ്ധതി

2733 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നഗരസഭയിൽ നിലവിലുള്ള കുടിവെള്ള വിതരണ പദ്ധതികൾ പര്യാപ്തമല്ലെന്നും പുതിയ കുടിവെള്ള പദ്ധതി അത്യന്താപേക്ഷിതമാണെന്നുമുളള വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയുടെ പേര്, മൊത്തം അടങ്കൽ തുക ഇവ വിശദമാക്കുമോ ;

(ഡി) ഇതിന്റെ പ്രവർത്തനങ്ങൾ എന്നു മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ പുത്തൂർ കുടിവെള്ളപദ്ധതി</u>

2734 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ ആസ്തിവികസനപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ പുത്തൂർ കുടിവെള്ളപദ്ധതിക്കു സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ചെറുതാഴം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി</u>

2735 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കുടിവെള്ളക്ഷാമം നേരിടുന്ന ചെറുതാഴം ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം എത്തിക്കുന്നതിനായി സമർപ്പിച്ച പ്രോജക്റ്റ് നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രോജക്റ്റ് അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മാവേലിക്കര കോട്ടത്തോടിന്റെ പുനരുദ്ധാരണപ്രവർത്തനം</u>

2736 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കോട്ടത്തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പാറ്റൂർ കുടിവെള്ളപദ്ധതി ജനുവരി 30-നു മുമ്പ് കമ്മീഷൻ ചെയ്യുമോ; കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തെ ജലവിഭവവകുപ്പ് അവഗണിക്കുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

ചെങ്ങോട്ടുമല ആദിവാസി കോളനിയിൽ ശുദ്ധജലം ലഭ്യമാക്കുവാൻ നടപടി

2737 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ ചെങ്ങോട്ടുമല ആദിവാസി കോളനിയിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശം നൽകാമോ;

(സി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച പദ്ധതി നിർദ്ദേശം സമർപ്പിക്കാൻ നിർദ്ദേശിക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ദേശീയ ജലപാതയുടെ നിർമ്മാണം

2738 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോട്ടപ്പുറം ദേശീയജലപാതയുടെ പ്രവർത്തനം ഇപ്പോൾ ഏതുഘട്ടത്തിലാണെന്നു വിശദമാക്കുമോ;

(ബി) പ്രസ്തുതപദ്ധതി എന്നു കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ;

(സി) കൊല്ലം-കോവളം ദേശീയജലപാതയുടെ നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ഉൾനാടൻ ജലഗതാഗത വികസന പ്രവർത്തനങ്ങൾ</u>

2739 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലഗതാഗത വികസനത്തിന്റെ ഭാഗമായി കഠിനംകുളം അഞ്ചുതെങ്ങ് ഭാഗം ഉൾപ്പെടുന്ന ടി. എസ്. കനാൽ, വർക്കല തുരപ്പ്, കൊല്ലം തോട് എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ എന്തു തുകയാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഈ ഇനത്തിൽ ചെലവഴിച്ച തുക എത്രയെന്നും ഏതെല്ലാം പ്രവർത്തികൾക്കെന്നും വ്യക്തമാക്കുമോ?